# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

12/12/2012-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ .86

## ശുദ്ധജലവിതരണവും ജലസേചനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്. | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) ശുദ്ധജല വിതരണത്തിനും ജലസേചനത്തിനും 2011-2012 സാമ്പത്തിക വർഷം നീക്കിവെച്ച ബഡ്ജറ്റ് തുക വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ;

എ) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** ജലസേചനത്തിനായി 2011-2012 സാമ്പത്തിക വർഷം നീക്കി വെച്ച ബഡ്ജറ്റ് തുക വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിയിൽ:-**2011-2012 സാമ്പത്തിക വർഷത്തിൽ ശുദ്ധജലവിതരണത്തിന് നീക്കിവച്ച ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

ബി) രണ്ട് ഹെഡുകൾക്കുമായി നീക്കിവെച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

ബി) **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും):-** ജലസേചനത്തിനായി സംസ്ഥാന പദ്ധതിയിൽ നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

**(തുക ലക്ഷത്തിൽ)**

| | നീക്കിവെച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| **വൻകിട ഇടത്തരം ജലസേചനം** | **27110** | **11897** |
| **ചെറുകിട ജലസേചനം** | **6187** | **5264** |

**കേരള വാട്ടർ അതോറിറ്റിയിൽ:-** ശുദ്ധജല വിതരണ പദ്ധതികൾക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക **775.47 കോടി** രൂപയാണ്. ഇതിൽ **452.91** കോടി രൂപ ചെലവഴിച്ചു.

| | | | |
|---|---|---|---|
| സി) | തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) & ഡി) | **ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)** :- തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. ഏറ്റെടുത്ത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.<br><br>**കേരള വാട്ടർ അതോറിറ്റിയിൽ:-** മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. |
| ഡി) | എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**